പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കൻഡറി
വിഭാഗം, ഹൗസിങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം.

നം.എസിഡി.എസ്‌പിസി(2)/148000/2019/എച്ച്എസ്ഇ തീയതി: 20/11/2019

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. - ഹയർ സെക്കൻഡറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിശീലനം (HSSTTP) 2019-20 - ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്.

ഹയർ സെക്കൻഡറി അദ്ധ്യാപക ശാക്തീകരണത്തിനായി ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് നടത്തുന്ന പദ്ധതിയായ ഹയർ സെക്കൻഡറി അദ്ധ്യാപക പരിവർത്തന പരിപാടി (HSSTTP) യുടെ 2019-20 അധ്യയന വർഷത്തിലെ മൂന്നാംഘട്ട കോഴ്സിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

വൈജ്ഞാനിക രംഗത്തെ വികാസങ്ങൾക്കൊപ്പം മുന്നേറുന്നതിന് അദ്ധ്യാപകർക്ക് പിന്തുണ നൽകുന്നതിനും ഗവേഷണാഭിരുചികൾ പരിപോഷിപ്പിക്കുന്നതിനും സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽപരമായ നൈപുണികൾ വളർത്തുന്നതിനുമാണ് നവീനമായ ഈ അദ്ധ്യാപക വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവങ്ങൾ ഒരുക്കി ഹയർ സെക്കൻഡറി വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ അദ്ധ്യാപകരെ സജ്ജരാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ശില്പശാലാ മാതൃകയിൽ മുഴുവൻ സമയപങ്കാളിത്തത്തോടെയുള്ള റസിഡൻഷ്യൽ കോഴ്സായി ഇത് വിഭാവന ചെയ്തിരിക്കുന്നു. പത്തു ദിവസം നീടുനിൽക്കുന്ന ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാമിൽ ഗവേഷണ പരിപാടികൾ, അതിഥി പ്രഭാഷണങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, ലാബ്-ലൈബ്രറി പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പ്, കലാസ്വാദനവേളകൾ, അവതരണങ്ങൾ, വിവിധ വൈദഗ്ധ്യമേഖലകളിലുള്ള പരിശീലനങ്ങൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കേരളത്തിലെ ഏറ്റവും മികച്ച ബിരുദാനന്തര ബിരുദ പഠനസൗകര്യമുള്ള കോളേജുകളാണ് പഠനകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ ലൈബ്രറി, ലാബ്, മൾട്ടീമീഡിയാ സൗകര്യങ്ങൾ തുടങ്ങിയ വിഭവങ്ങൾ

പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. ഗവേഷണ സ്ഥാപനം എന്ന നിലയിലുള്ള മികവുകളും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്.

2020-21 അധ്യയന വർഷത്തിനുള്ളിൽ മുഴുവൻ അദ്ധ്യാപകരും കോഴ്സ് പൂർത്തീകരിക്കേതാണ്. **അറബിക്, ഹിന്ദി, സംസ്കൃതം, സോഷ്യോളജി, ജ്യോഗ്രഫി, സ്റ്റാറ്റിസ്റ്റിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്** എന്നീ വിഷയങ്ങൾക്കാണ് ഇപ്പോൾ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നത്.

**ഉർദു, കന്നട, സൈക്കോളജി, ജേർണലിസം, ജിയോളജി, സോഷ്യൽ വർക്ക്, ഗാന്ധിയൻ സ്റ്റഡീസ്** എന്നീ വിഷയങ്ങൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതില്ല. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഹയർ സെക്കന്ററി പോർട്ടലിൽ പ്രസിദ്ധപ്പെടുത്തുന്നതും അവർ നിർബന്ധമായും കോഴ്സിൽ പങ്കെടുക്കേണ്ടതുമാണ്.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് തുടർന്നുള്ള സേവനകാലയളവിൽ വിവിധ അക്കാദമിക ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. കോഴ്സിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് കെ.എസ്.ആർ. പ്രകാരമുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും താമസവും ഭക്ഷണവും നൽകുന്നതാണ്. കോളേജിലെ ലാബ്, ലൈബ്രറി തുടങ്ങിയ വിപുലമായ സൗകര്യങ്ങൾക്കു പുറമേ ലഘുയാത്രകളിലൂടെ (Field Trip) പഠനം നടത്തുന്നതിനുള്ള സൗകര്യവും ഉായിരിക്കും. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവരുമായി സംവാദങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഈ പരിപാടിയുടെ സവിശേഷതയാണ്. **കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന തീയതി 2019 നവംബർ 30 ആണ്.**

അപേക്ഷകർ **www.hscap.kerala.gov.in** എന്ന വെബ്സൈറ്റിന്റെ ഹോം പേജിലെ HSSTTP എന്ന ടാബിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ അപേക്ഷകൾ പ്രിൻസിപ്പാളിനു സമർപ്പിക്കേതും, പ്രിൻസിപ്പാൾ 2019 നവംബർ 30 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ഡയറക്ടറേറ്റിലേക്ക് ഫോർവേഡ് ചെയ്യേതുമാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**